# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2195

15/07/2011 ൽ മറുപടിക്ക്

## വിദ്യാഭ്യാസ വകുപ്പിലെ ഇന്റർഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. എ. അസീസ് | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | ഇന്റർഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ മുഖാന്തിരം ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ തിരുവനന്തപുരം ജില്ലയിലേക്ക് ട്രാൻസ്ഫർ ലഭിക്കുന്നതിന് ഈ വർഷം സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഈ വർഷത്തെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറായിട്ടില്ല. |
| (ബി) | കഴിഞ്ഞ രണ്ട് വർഷവും ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഒന്നാം പേരുകാരനായ അധ്യാപകൻ ആരാണ്; സീനിയോറിറ്റി ലിസ്റ്റുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | മലപ്പുറം ജില്ലയിലെ വെളിയൻകോട് സൗത്ത് ജി.എം.യു.പി.എസിലെ ശ്രീ. എം.വി കലാധരൻനായർ. സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം -1 ആയി ചേർക്കുന്നു. |
| (സി) | ഈ അധ്യാപകൻ എത്ര വർഷമായി ഏത് ജില്ലയിൽ ജോലി നോക്കുന്നു; | (സി) | 9 വർഷമായി മലപ്പുറം ജില്ലയിൽ ജോലി ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ഡി) | രണ്ട് വർഷവും സീനിയോറിറ്റി ലിസ്റ്റിൽ ഒന്നാമതായി പേരുണ്ടായിട്ടും ഈ അധ്യാപകന് ട്രാൻസ്ഫർ നൽകാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) | തിരുവനന്തപുരം ജില്ലയിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ഹിന്ദിയിൽ 13 പേർ തസ്തികയില്ലാതെ നിൽക്കുന്നതിനാലാണ് ട്രാൻസ്ഫർ നൽകാത്തത്. |
| (ഇ) | ഇതിനെ സംബന്ധിച്ച് ഈ അധ്യാപകന്റെ 'വാർവിഡോ' ആയ മാതാവിന്റെ ഹർജി ലഭിച്ചിരുന്നോ; അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ഇ) | ഹർജി സമർപ്പിച്ച തീയതിയും വിശദാംശങ്ങളും പരിശോധിച്ചു മാത്രമേ മറുപടി നൽകാൻ കഴിയുകയുള്ളൂ. |
| (എഫ്) | ഇന്റർഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ നൽകുന്നതിനുള്ള മാനദണ്ഡം എന്താണ്; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (എഫ്) | സ്ഥലംമാറ്റത്തിന്റെ മാനദണ്ഡം നിശ്ചയിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പ് അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്. |
| (ജി) | കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ഇന്റർഡിസ്ട്രിക്റ്റ് ട്രാൻസ്ഫർ മുഖാന്തിരം ഈ തസ്തികയിലെ എത്ര പേർക്ക് തിരുവനന്തപുരം ജില്ലയിലേയ്ക്ക് ട്രാൻസ്ഫർ നൽകി എന്നും ഇവർ എത്ര വർഷം വീതം സർവ്വീസ് ഉള്ളവരാണെന്നും വ്യക്തമാക്കുമോ; ഈ ട്രാൻസ്ഫർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ജി) | ആർക്കും ട്രാൻസ്ഫർ നൽകിയിട്ടില്ല. |
| (എച്ച്) | ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ സ്കൂളുകളിലായി എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ? | (എച്ച്) | മുൻവർഷം ഒഴിവുകൾ നിലവിലില്ല. ഈ അദ്ധ്യയന വർഷം തസ്തിക നിർണ്ണയം പൂർണ്ണമായാൽ മാത്രമേ ഒഴിവുകൾ സംബന്ധിച്ച വ്യക്തത ലഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

ഭരണഭാഷ മലയാളത്തിൽ ലഭ്യമാണ്.